# CAREER Updates

# പത്രവൃത്താന്തം

**11.07.2024 (വ്യാഴം)**



- 2024 ജൂലൈയിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെത്തിയ ആദ്യ മദർഷിപ്പ്
- ✔ സാൻ ഫെർണാണ്ടോ

- വിവിധ തുറമുഖങ്ങളിലേയ്ക്ക് കണ്ടെയ്നറുകളുമായി പുറപ്പെടുന്ന വലിയ ചരക്ക് കപ്പലുകളാണ് മദർഷിപ്പുകൾ. 2000 കണ്ടെയ്നറുകൾ വിഴിഞ്ഞത്ത് ഇറക്കിയശേഷം സാൻ ഫെർണാണ്ടോ തീരം വിടും. ഇതുവരെ വിശാഖപട്ടണം, മുന്ദ്ര എന്നീ തുറമുഖങ്ങളിൽ മാത്രമാണ് ഇന്ത്യയിൽ മദർഷിപ്പുകൾ അടുപ്പിച്ചിരുന്നത്.
- 2024 ജൂലൈയിൽ ട്രയൽ റൺ ആരംഭിക്കുമ്പോൾ ഒരു മദർഷിപ്പ് തീരത്തടുപ്പിക്കുവാനുള്ള ബർത്ത് സൗകര്യമാണ് വിഴിഞ്ഞം തുറമുഖത്തുള്ളത്. എന്നാൽ ആദ്യ ഘട്ടത്തിന്റെ കമ്മിഷനിങ്ങോടെ 800 മീറ്റർ ബർത്ത് പൂർത്തിയാകുമ്പോൾ ഒരേ സമയം രണ്ട് മദർഷിപ്പുകൾ തീരത്തടുപ്പിക്കാനാകും.

- 2023-ലെ സംസ്ഥാന ചലച്ചിത്ര പുരസ്കാര നിർണ്ണയത്തിനുള്ള ജൂറിയുടെ ചെയർമാനായി നിയമിതനായ ഹിന്ദി ചലച്ചിത്ര സംവിധായകൻ
- ✔ സുധീർ മിശ്ര
- 70-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം
- ✔ കളിവള്ളം തുഴഞ്ഞ് നീങ്ങുന്ന നീലപൊന്മാൻ
- വിവാഹ മോചിതരായ മുസ്‌ലിം സ്ത്രീകൾക്കും ഇന്ത്യൻ ക്രിമിനൽ നടപടി ചട്ടത്തിലെ 125-ാം വകുപ്പ് പ്രകാരം ജീവനാംശം ആവശ്യപ്പെടാമെന്ന വിധി 2024 ജൂലൈയിൽ പുറപ്പെടുവിച്ചത്
- ✔ സുപ്രീം കോടതി
- 2024-ലെ ലോക ജനസംഖ്യാദിനത്തിന്റെ (ജൂലൈ 11) പ്രമേയം
- ✔ ലീവ് നോ വൺ ബിഹൈൻഡ്: കൗണ്ട് എവ്രിവൺ
- ഇന്ത്യയിലാദ്യമായി റോഡ് സുരക്ഷാ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്ന സംസ്ഥാനം
- ✔ രാജസ്ഥാൻ

CAREER GUIDANCE BUREAU

- 2024 ജൂലൈയിൽ യൂറോ കപ്പിലോ ലോകകപ്പിലോ ഗോൾ നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം എന്ന റെക്കോഡ് നേടിയത്
- ✔ ലമീൻ യമാൽ (സ്പെയിൻ)
- യൂറോ കപ്പ് സെമിഫൈനലിൽ ഫ്രാൻസിനെതിരെ 21-ാം മിനിറ്റിൽ ഗോൾ നേടിയാണ് പതിനാറ് വയസ്സുള്ള ലമീൻ യമാൽ ഈ നേട്ടം കൈവരിച്ചത്.
- 1958-ലെ ലോകകപ്പിൽ പതിനേഴാം വയസ്സിൽ വെയ്ൽസിനെതിരെ ഗോൾ നേടിയ പെലെയുടെ റെക്കോഡാണ് ലമീൻ യമാൽ മറികടന്നത്.
- 2024 ജൂലൈയിൽ പശ്ചിമഘട്ടത്തിൽ നിന്നും കണ്ടെത്തിയ യൂറോപെൽറ്റിസ് കോഡോമകുലാറ്റ ഏതിനം ജീവിയാണ്?
- ✔ പാമ്പ്
- 2024 ജൂലൈയിൽ ലോകത്തിലെ ആദ്യ മിസ്സ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കിരീടം നേടിയത്
- ✔ കെൻസ ലയ്‌ലി (മൊറോക്കോ)
- 2024 ജൂലൈയിൽ ഇന്ത്യയിലെ ആദ്യ ജനറേറ്റീവ് എ.ഐ. ഇന്റർനാഷണൽ കോൺക്ലേവിന് വേദിയായ നഗരം
- ✔ കൊച്ചി

**കരിയർ ഗൈഡൻസ് ബ്യൂറോ**

ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999